കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിങ്ങാലക്കുട നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(എം) 91/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ഇ.മെയിൽ:- dotsr.ksad@kerala.gov.in
ഫോൺ - 0487 2331249
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20
തീയതി:30.1.2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഇരിങ്ങാലക്കുട നഗരസഭ.

സർ,

വിഷയം :ഇരിങ്ങാലക്കുട നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994- ലെ കേരളാ നഗരപാലികാനിയമം നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കട നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)- ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-3ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,
ജോയിന്റ് ഡയറക്ടർ.

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) സെക്രട്ടറി തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യവകുപ്പ് കൊച്ചി(ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)91/2017 തിയ്യതി: 30.1.2017

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കട നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 12-6-15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, എന്നിവയും 2015-16 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും

പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുരേഷ്ബാബു.വി,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.12.16മുതൽ 31.12.16വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുനിൽ ദത്ത് . എം .ആർ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ.ബേബി . പി .വി<br>അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഹാരിഷ്. വി.എ.<br>അസി.ഓഡിറ്റ് ഓഡിറ്റർ<br>ശ്രീമതി.രമാദേവി.കെ. ആർ.,<br>ഓഡിറ്റർ<br>ശ്രീമതി.ശ്രീജ.കെ. ടി.<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.മേരിക്കുട്ടിജോയ് | 1-4-15 മുതൽ 31-10-15 വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 1.11.15മുതൽ 17.11.15 വരെ |
| | ശ്രീമതി .നിമ്യ ഷിജു | 18.11.15 മുതൽ 31.3.16 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീമതി ബീന എസ് കുമാർ | 1-4-15 മുതൽ 31-3-16 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുൻസിപ്പൽ എഞ്ചിനീയർ | ശ്രീ.ബി സത്യനാഥ് . | 1-4-15 മുതൽ 31-3-16 വരെ |
| ഹെൽത്ത് സൂപ്പർവൈസർ & പ്രോജക്ട് ഓഫീസർ യു പി എ സെൽ | ശ്രീമതി ഉഷ .കെ | 1-4-15 മുതൽ 20-2-16 വരെ |
| | ശ്രീ. സി . കെ. അജിത് കുമാർ | 20. 2.16മുതൽ 31-3-16 വരെ |
| സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ളിനിക്ക്,ഇരിങ്ങാലക്കുട | ശ്രീ.ജോയ് ജോർജ് | 1-4-15 മുതൽ 31-3-16 വരെ |
| പ്രിൻസിപ്പൽ, ഗവ. ബോയ്സ് എച്ച്.എസ്.എസ് | ശ്രീമതി.എൻ.സി.വാസന്തി | 1-4-15 മുതൽ 31-3-16 വരെ |
| പ്രിൻസിപ്പൽ, ഗവ. ബോയ്സ് എച്ച്.എസ്. | ശ്രീമതി അല്ലി എ സി | 1-4-15 മുതൽ 31-3-16 വരെ |
| പ്രിൻസിപ്പൽ, ഗവ. ബോയ്സ് വി എച്ച്.എസ്.ഇ | ശ്രീ ജിനേഷ് എ | 1-4-15 മുതൽ 31-3-16 വരെ |
| ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്, മുകുന്ദപുരം | ശ്രീമതി.പ്രമീള ടി വി | 1-4-15 മുതൽ 31-3-16 വരെ |
| സൂപ്രണ്ട്,താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | ഡോ.വി.എൻ.ബാലഗംഗാധരൻ | 1-4-15 മുതൽ 31-3-16 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് എൽ.പി.എസ്, മുകുന്ദപുരം | ശ്രീമതി.ലാജി വർക്കി | 1-4-15 മുതൽ 31-3-16വരെ |
| ഹെഡ്മിസ്ട്രസ് ജി.യു. പി.എസ്, മാടായിക്കോണം | ശ്രീമതി.പി.വി . രേണുക | 1-4-15 മുതൽ 31-3-16 വരെ |
| പ്രിൻസിപ്പൽ, വി.എച്ച് .എസ്.ഇ(ഗേൾസ്) | ശ്രീമതി.ഹേന.കെ.ആർ | 1-4-15 മുതൽ 31-3-16 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് ഹൈസ്കൂൾ | ശ്രീമതി.മോളി.കെ.വി | 1-4-15 മുതൽ 31-3-16 വരെ |
| പ്രിൻസിപ്പൽ,ഗവ ഗേൾസ് ഹയർസെക്കന്ററി | ശ്രീമതി പ്യാരിജ എം | 1-4-15 മുതൽ 31-3-16 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ സുധീർ എ ആർ | 1-4-15 മുതൽ 31-3-16 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പെൻസറി,കരുവന്നൂർ | ഡോ.ടിട്സൺ പിൻഹിറോ | 1-4-15 മുതൽ 31-3-16 വരെ |
| അഗ്രികൾച്ചറൽ ഫീൽഡ്ഓഫീസർ, കൃഷിഭവൻ | ശ്രീ.കെ.ജെ.ജോസഫ് | 1-4-14 മുതൽ 31-3-15വരെ |
| അഗ്രികൾച്ചറൽ ഓഫീസർ, പൊറത്തിശ്ശേരി | ശ്രീ.മുരളീധരൻ.ജി.മേനോൻ | 1-4-15 മുതൽ 31-3-16 വരെ |
| ചീഫ്.മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | ഡോ.എച്ച്. ബാലസുബ്രമണ്യൻ | 1-4-15 മുതൽ 31-3-16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ബീന.കെ.ജെ | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദഡിസ്പെൻസറി, പൊറത്തിശ്ശേരി | ഡോ.ജെസ് ലിൻ ജോസ് | 1-4-15 മുതൽ 31-3-16 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ആശുപത്രി, ഇരിങ്ങാലക്കുട | ഡോ.കെ.പി.മുരളി | 1-4-15മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ , പി എച്ച് സി , പൊറത്തിശ്ശേരി | ഡോ . രമ്യ ജോർജ്ജ്<br><br>ഡോ. അഷിത എം ബേബി<br><br>ഡോ. പ്രവീൺകൃഷ്ണ. കെ.. പി | 1-4-15 മുതൽ 5-6-15 വരെ<br><br>6-6-15 മുതൽ 9-7-15 വരെ<br><br>10-7-15 മുതൽ 31-3-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | ക്യാഷ് ബാലൻസ് പരിശോധന – പണം പിരിവിലെ അപാകതകൾ | 2-1 |
| 13 | പരിഷ്കരിച്ച വസ്തുനികുതി അസെസ്സ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും രേഖപ്പെടുത്തിയിട്ടില്ല. | 2-2 |
| 14 | നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും ക്രമവൽക്കരിക്കാതെ പ്രവർത്തിക്കുകയും ചെയ്യുന്നു. | 2-3 |
| 15 | മുറികളുടെ വാടക – പിഴ ഈടാക്കിയത് നിശ്ചിത നിരക്കിലല്ല | 2-4 |
| 16 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 2-5 |
| 17 | തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കുടിശ്ശിക സംബന്ധിച്ച് | 2-6 |
| | ഭാഗം 3 | |
| 18 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – 3840 രൂപ തടസ്സത്തിൽ വയ്ക്കുന്നു | 3-1 |
| 19 | മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്, | 3-2 |
| 20 | 1-92 മുതൽ3-2002 വരെയുള്ള കാലയളവിലെ വെള്ളക്കരം കുടിശ്ശിക അടവാക്കിയത് | 3-3 |
| 21 | ഹെഡ്മിസ്ട്രസ്സ് , ഗവ. മോഡൽ ബോയ്സ് ഹൈസ്കൂൾ- പദ്ധതി നടത്തിപ്പിലെ അപാകത | 3-4 |
| 22 | കൈപ്പറ്റ് രശീത്, ഷെയർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | 3-5 |
| 23 | നഗരസഭയിലേക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കും സാധനങ്ങളും സേവനങ്ങളും വാങ്ങൽ- സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുന്നു -ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 24 | ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ -സ്ഥാപനവുമായി കരാർ വെയ്ക്കുന്നില്ല. | 3-7 |
| 25 | പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 26 | ഭവനനിർമ്മാണ പദ്ധതി (പൊതു വിഭാഗം) - ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല | 3-9 |
| 27 | ഭവനനിർമ്മാണ പദ്ധതി (പട്ടിക ജാതി വിഭാഗം) - ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല | 3-10 |
| 28 | മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ പൊതു അവലോകനം | 3-11 |
| 29 | 2015-16 വർഷത്തെ മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ | 3-12 |
| 30 | ഗവ.ഹയർ സെക്കന്ററി സ്കൂൾ -ലാബിന് സ്റ്റോർ റൂം-അപാകതകൾ | 3-13 |
| 31 | മുൻസിപ്പൽ എഞ്ചിനീയർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 3-14 |
| 32 | ടാർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ പരിശോധന- ഉപയോഗിക്കാൻ കഴിയാത്ത VG-10ഗ്രേഡിലുള്ള ടാർ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു | 3-15 |

| | | |
|---|---|---|
| 33 | മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ- കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ മുൻസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 3-16 |
| 34 | ആസ്തികളുടെ പരിപാലനം | 3-17 |
| | ഭാഗം 4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2015-16 വർഷത്തെ ബജറ്റ് 19-3-15ലെ കൗൺസിൽ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട് . ആയത് പ്രകാരം പ്രതീക്ഷിത വരവ് 298282511രൂപയും പ്രതീക്ഷിത ചെലവ് 296761200 രൂപയും ആണ്. 2-3-2016 ലെ കൗൺസിലിന്റെ ഒന്നാം നമ്പർ തീരുമാനം പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. ആയത് പ്രകാരം പ്രതീക്ഷിത വരവ് 375944126 രൂപയും പ്രതീക്ഷിത ചെലവ് 316732955 രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.15 | 30.7.15 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്കുകൾ സാക്ഷ്യപ്പെടുത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു .

1.സാലറി അക്കൗണ്ട് -എസ്.ബി.ഐ (നം. 91841)യുടെ 31.03.2016 ലെ റിക്കൺസിലിയേഷൻ പത്രികയിൽ “cheque deposited, but not collected” എന്ന വിഭാഗത്തിൽ കാണിച്ചിരിക്കുന്ന താഴെപ്പറയുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 20 പ്രകാരമുള്ള നടപടിക്രമങ്ങൾ ഈ വരവുകളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. ചെക്ക് /ഡി.ഡി. കളുടെ കാലാവധി 3 മാസമാണെന്നിരിക്കെ ഈ തുകകൾ 31.3.2016 ലെ റിക്കൺസിലിയേഷൻ പത്രികയിൽ മേൽപ്പറയുന്ന ഹെഡിൽ കാണിച്ചിരിക്കുന്നത് ശരിയല്ല.

| ചെക്ക് നം, തീയതി | തുക |
|---|---|
| 98257/7.5.2015 | 42000 |
| 807591/14.08.15 | 7300 |
| 262274/14.08.15 | 1250 |
| 229771/14.09.13 | 1250 |

| | |
|---|---|
| 682147/18.12.15 | 10000 |
| Nil/8.9.15 | 225 |

2. അക്കൗണ്ട് നം. 90927, കനറ ബാങ്ക്

31.03.2016 ലെ റിക്കൺസിലിയേഷൻ പത്രികയിൽ " cheque deposited, but not collected " ആയി ₹ 1250 (instrument No. 548848/13.02.13) കാണിച്ചിരിക്കുന്നു. ഈ വരവിനെ സംബന്ധിച്ചും ക്രമ നം. 1 ൽ പറയുന്ന അപാകത നിലനിൽക്കുന്നു.

3. ധനലക്ഷ്മി ബാങ്ക് (അക്കൗണ്ട് നം. 6573) പാസ്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. മാന്വൽ വാർഷിക കണക്കും ഓൺലൈൻ വാർഷിക കണക്കും തമ്മിൽ ബാലൻസ് ഷീറ്റിൽ വ്യത്യാസമുണ്ട്.

5.ഓരോ മാസത്തേയും രസീത് ആന്റ് പേയ്മെന്റ് പത്രിക തൊട്ടടുത്ത മാസം 20ാം തീയതിക്ക് മുമ്പ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിഗ് കമ്മറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.

6.31.03.2016 വരെ സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7.മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത വസ്തുനികുതി ക്രമീകരിച്ച് ജേണൽ എൻട്രി നടത്തിയിട്ടില്ല.

8. നിർവഹണഉദ്യോഗസ്ഥർ (സെക്രട്ടറി ഒഴികെ) വഴി നടപ്പിലാക്കുന്ന പദ്ധതി ചെലവിൽ നിന്നും പിരിച്ചെടുക്കുന്നതും അടവാക്കുന്നതുമായ ആദായനികുതി ,വാറ്റ് ,ക്ഷേമനിധി വിഹിതം എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

9.പരിശോധന വർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് (കൺസ്യൂമബിൾസ്) തയ്യാറാക്കിയിട്ടില്ല.

10.2013-14,2014-15,2015-16 വർഷങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്റർ, വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ , അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി ഡി.സി.ബി. സംക്ഷിപ്തം എഴുതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്-125955422.41

വരവ് – 180664290

ആകെ – 306619712.41

ചെലവ് – 250786850

നീക്കിയിരിപ്പ്-55832862.41

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14732207 | 46735579 | 61467786 | 28948034 | 46735580 | 22519752 | 47 |
| വികസനഫണ്ട് എസ്.സി.പി. | 23263091 | 10163756 | 33426847 | 14573453 | 18853394 | -- | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | | -- | - | | | - |
| സംരക്ഷണഗ്രാന്റ് റോഡ് | 7811772 | 31052127 | 38863899 | 38863899 | - | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5060069 | 1181736 | 6241805 | 6241805 | - | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8129869 | 28490639 | 36620508 | 17470933 | 19149575 | - | 100 |
| ബി ഫണ്ട് | 0 | 48225128 | 48225128 | 48225128 | 0 | | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു. പദ്ധതികൾ പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ടിട്ടില്ല

| അംഗീകാരം ലഭിച്ചത് (എണ്ണം ) | പദ്ധതി അടങ്കല് | നടപ്പാക്കിയത് (എണ്ണം ) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം ) | പൂർത്തീകരിച്ച് പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 425 | 194820523 | 279 | 108173615 | 79 | 67 | 65.65 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.15 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 45413455 | 38834333 | -6579122 | (-)14.49 |
| നികുതിയേതര വരവുകൾ | 9075702 | 15620435 | +6544733 | (+) 72.11 |
| മറ്റുവരവുകൾ | 16625820 | 23166908 | + 6541088 | (+ )39.34 |
| ആകെ | 71114977 | 77621676 | 6506699 | (+)9.15 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 192360 | 187 |
| കർഷക തൊഴിലാളി പെൻഷൻ | 4096770 | 637 |
| വിധവാ പെൻഷൻ | 18219120 | 2076 |
| വാർദ്ധക്യകാല പെൻഷൻ | 18000810 | 2775 |
| വികലാംഗ പെൻഷൻ | 4244615 | 424 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1495080 | 174 |
| വിവാഹധനസഹായം | 270000 | 8 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.7.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹52025/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. പണം പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 2ൽ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണം.

പരിശോധനയ്ക്ക് ഹാജരാക്കിയ ഇൻകുമ്പൻസി രജിസ്റ്ററിൽ നഗരസഭാ ജീവനക്കാരുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. നഗരസഭയുടെ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും കൂടി ഉൾപ്പെടുത്തി രജിസ്റ്റർ പൂർണമാക്കി സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല, കൂടാതെ നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ഗ്രഹിക്കാൻ സഹായകമായ രീതിയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.2016-27.7.16 | 2014-15,15-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.9.15-21.10.15 | 2013-14, 2014-15 | LBA-HQ III-8A/2351/ 15-16/196, 19.11.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 1 a

## 2-1 ക്യാഷ് ബാലൻസ് പരിശോധന – പണം പിരിവിലെ അപാകതകൾ

26.12.16 ലെ ക്യാഷ് ബാലൻസ് പരിശോധനയിൽ സാംഖ്യ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും സാംഖ്യ ഡേ ബുക്ക് പ്രകാരമുള്ള വരവും 16874/- രൂപയാണ്.കൂടാതെ സബ്സിഡിയറി ക്യാഷ് ബുക്ക് പ്രകാരം 26.12.16ൽ പിൻവലിച്ച 21491/-രൂപയുടെ നീക്കിയിരിപ്പുണ്ട്. അതേ സമയം തന്നെ ശ്രീമതി. രാജി റ്റി.ജി,L.D.C(B.C) ഓഫീസിലിരുന്ന് Rt No.283/28255 മുതൽ 283/28264 വരെ വസ്തുനികുതിയിനത്തിൽ 13660/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. അങ്ങിനെ പരിശോധനാസമയം ആകെ 52025/- രൂപ മേൽപറയും പ്രകാരം നീക്കിയിരിപ്പുണ്ട്. പണം പിരിവിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വൈദ്യുതി തടസ്സം / കമ്പ്യൂട്ടർ തകരാർ എന്നിവ മൂലം സാംഖ്യ രസീതികൾ പ്രിന്റ്ചെയ്യാൻ കഴിയാതെ വരുമ്പോഴാണ് മാനുവൽ രശീതികൾ എഴുതി നൽകേണ്ടത്. മേൽപറയുന്ന തടസ്സം നീങ്ങുമ്പോൾ മാനുവലായി എഴുതിയ ഓരോ രശീതികളും ഇന്ററപ്റ്റഡ് രശീതികളായി സാംഖ്യയിൽ ചേർക്കേണ്ടതാണ്. എന്നാൽ ബിൽ കളക്ടർമാർ ഓഫീസിലിരുന്ന് മാനുവൽ രശീതി നൽകി പണം പിരിച്ചെടുത്ത് പിന്നീട് ഒറ്റ രസീതി എഴുതി സാംഖ്യയിൽ എൻട്രി വരുത്തുന്ന രീതിയാണ് തുടർന്നു വരുന്നത്. സ്ഥാപനത്തിൽ തുടർന്നു വരുന്ന ഈ രീതി സാംഖ്യ സമ്പ്രദായത്തിന്റെ സ്ഥാപിത ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

2. പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്ത് 2010 നവംബർ 1 ന് മുനിസിപാലിറ്റിയുമായി കൂട്ടിച്ചേർത്തിട്ടുണ്ട്. അന്നുമുതൽ പൊറത്തിശ്ശേരിയിൽ മുനിസിപ്പാലിറ്റിയുടെ സോണൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. സാംഖ്യ സമ്പ്രദായത്തിൽ ഓൺലൈനായി കമ്പ്യൂട്ടറൈസ്ഡ് രശീതികളാണ് നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നൽകി വരുന്നത്. എന്നാൽ പൊറത്തിശ്ശേരി സോണൽ ഓഫീസിൽ നിന്നും മാനുവൽ രശീതി വഴിയാണ് പണം പിരിച്ചെടുക്കുന്നത്. ദിവസേനയുള്ള പിരിവുതുക അന്നന്നുതന്നെ നഗരസഭാകാര്യാലയത്തിൽ അടവാക്കി വരുന്നു.

മേൽ അപാകതകളുടെ വെളിച്ചത്തിൽ താഴെ പറയുന്ന നടപടിക്രമങ്ങൾ നടപ്പിലാക്കേണ്ടതാണ്.

a) ഔട്ട് ഡോർ കളക്ഷൻ എന്ന പേരിൽ ഓഫീസിലിരുന്ന് പണം പിരിക്കുന്ന രീതി" നിർത്തലാക്കി നഗരസഭാകാര്യാലയത്തിലെ മുഴുവൻ പണം പിരിവും സാംഖ്യ വഴി മാത്രം നടത്തേണ്ടതാണ്.

b) പൊറത്തിശ്ശേരി സോണൽ ഓഫീസിൽ സാംഖ്യ കമ്പ്യൂട്ടറൈസെഡ് രശീതിവഴി പണം പിരിവ് നടത്തേണ്ടതാണ്.

## 2-2 പരിഷ്കരിച്ച വസ്തുനികുതി അസസ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ്വെയറിലും രേഖപ്പെടുത്തിയിട്ടില്ല.

15.3.2013 ലെ സ.ഉ(അ)100/2013/തസ്വഭവ പ്രകാരം കേരള മുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ 2013 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 27.4.15 തിയതിയിലെ സ.ഉ (എം.എസ്) 144/15/തസ്വഭവ ഉത്തരവിൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ഭേദഗതി നൽകിയിട്ടുണ്ട്. ഈ ഉത്തരവുകൾ അനുസരിച്ച് വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ടെങ്കിലും പുതിയ നിരക്കിലുള്ള വസ്തുനികുതി അസസ്മെന്റ് രജിസ്റ്ററിലോ, സഞ്ചയ സോഫ്റ്റ് വെയറിലോ എൻട്രി വരുത്തിയിട്ടില്ല. പരിഷ്കരിച്ച വസ്തുനികുതി അസസ്മെന്റ് രജിസ്റ്ററിലും, സഞ്ചയ സോഫ്റ്റ് വെയറിലും എൻട്രി വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും ക്രമവൽക്കരിക്കാതെ പ്രവൃത്തിക്കുകയും ചെയ്യുന്നു.

1. എം.സി.പി കൺവെൻഷൻ സെന്റർ





പെർമിറ്റ് ഫയൽ നം - BA 206/09-10

റവന്യൂ ഫയൽ നം - R2/16715/16

പെർമിറ്റ് നം. – BA 206/09-10 തിയതി 31.8.2010

പെർമിറ്റ് കാലാവധി - 31.8.2010 മുതൽ 30.8.2013 വരെ

പെർമിറ്റ് അനുവദിച്ച ഏരിയ – 6512.37m2

ശ്രീ.എം.പി ജാക്സൺ, ശ്രീ.എം.പി ടോമി, ശ്രീ.എം.പി ജിജി, ശ്രീ.എം.പി ബ്രിജിറ്റ്, മാമ്പിള്ളി ഹൗസ് എന്നിവരുടെ 3.9.2009 തിയതിയിലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലും, വസ്തുനികുതി നിർണ്ണയിച്ച ഫയലും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. 3.9.2013ൽ പെർമിറ്റ് പ്രകാരമുള്ള പണി പൂർത്തിയായിട്ടുണ്ട് എന്നു കാണിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ( Rule 12(2)f & 13(i) -MOG317171/96-2/97പ്രകാരം), കംപ്ലീഷൻ പ്ലാൻ തുടങ്ങിയവ ഉടമകൾ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടം (existing building)ഉൾപ്പെടെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ആകെ തറവിസ്തീർണ്ണം 12374.62m2 ആണ്. 10.10.13 ൽ PWO II-ന്റെ നോട്ട് ഫയലിൽ ഈ സ്ഥലം പരിശോധിച്ചു എന്നും കംപ്ലീഷൻ പ്ലാൻ പ്രകാരം പണി പൂർത്തിയായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. *ചട്ടം 22(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഉടമസ്ഥൻ നിർമ്മാണം പൂർത്തീകരിക്കുന്നതിനു മുൻപായി occupy ചെയ്യാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആ ആവശ്യം കാണിച്ചുകൊണ്ട് അപേക്ഷ നൽകേണ്ടതും അങ്ങിനെ occupy ചെയ്യുന്നതു കൊണ്ട് ജീവാപായം ഉണ്ടാകില്ലെന്ന് സെക്രട്ടറിയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം പൂർത്തീകരിച്ച ഭാഗം സംബന്ധിച്ച് കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ സമർപ്പിച്ച ഈ കെട്ടിടത്തിന്റെ ground floor ന് partial occupancy (5071m2) നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

3. കെട്ടിടത്തിന് partial occupancy നൽകിയിരിക്കുന്നത് 19.10.2013 ലാണ്.എന്നാൽ ഇതിനു മുൻപുതന്നെ ഈ സ്ഥാപനം അനധികൃതമായി പ്രവർത്തിച്ചിട്ടുണ്ട്. 19.10.2013 നു മുൻപ് ഈ കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തി ഇരിഞ്ഞാലക്കുട നഗരസഭയിൽ രജിസ്റ്റർ ചെയ്ത താഴെ പറയുന്ന വിവാഹങ്ങൾ ഇത് സാധൂകരിക്കുന്നു.

ഉദാ: 1. രജിസ്റ്ററേഷൻ നം.. 121/2015 തിയതി 7.4.15

വിവാഹ തിയതി 1.9.2013

2. രജിസ്റ്ററേഷൻ നം. 395/2013 തിയതി 19.10.2013

വിവാഹ തിയതി 8.9.2013

4. പെർമിറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തറവിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിച്ചതായി 10.10.13ൽ PWOIIറിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും അധിക നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ

സ്വീകരിച്ചിട്ടില്ല. (*ചട്ടം- 143,144,145,146,147)

5. 10000m2 ന് അധികം തറവിസ്തീർണ്ണം വരുന്നതിനാൽ CTP യുടെ അംഗീകാരം ആവശ്യമാണ്.10.10.13ൽ AE യുടെ ഓഫീസ് കുറിപ്പിൽ plot area, built up area എന്നിവയിൽ മാറ്റം വന്നത് അംഗീകാരത്തിനായി CTP യിലേക്ക് അയക്കാവുന്നതാണ്, ground floor ന് partial occupancy അനുവദിക്കാവുന്നതാണ് എന്ന രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും CTPയുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ground floor ന് partial occupancy അനുവദിച്ച് നികുതി നിർണ്ണയിച്ചു.(നോട്ട് ഫയൽ പേജ് നം. 15).പിന്നീടാണ് CTP യുടെ അംഗീകാരം നേടിയത്.

6. 30.8.2013 ൽ കാലാവധി അവസാനിച്ച പെർമിറ്റിന് 3.9.13ലെ അപേക്ഷപ്രകാരം (പെർമിറ്റിന്റെ പകർപ്പിലെ അപേക്ഷാ തിയതി), പെർമിറ്റ് കാലാവധി അവസാനിച്ചശേഷം സമർപ്പിച്ച അപേക്ഷ എന്ന നിലയിൽ പെർമിറ്റ് പുതുക്കി നൽകേണ്ടതിനു പകരം 30.8.13 മുതൽ 29.8.16 വരെ കാലാവധി ദീർഘിപ്പിച്ച് നൽകുകയായിരുന്നു. പെർമിറ്റിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടുമില്ല. (*ചട്ടം15 A – 4,5).

7. പെർമിറ്റിന്റെ കാലാവധി രണ്ടാമതും ദീഘിപ്പിക്കുന്നതിനായി 25.8.16ൽ അപേക്ഷ(അപേക്ഷ നം. pw2/12287/16 തിയതി 25.8.16) സമർപ്പിച്ചിട്ടുണ്ട്. പെർമിറ്റ് കാലാവധി തുടർന്നും ദീർഘിപ്പിച്ചു നൽകുന്നതിനായി നടത്തിയ സ്ഥലപരിശോധനയിൽ, നിർമ്മാണം ഭാഗികമായി പൂർത്തിയായിട്ടുണ്ട് എന്നും കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ് എന്നും ഓവർസിയർ (PWO1)റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരിക്കൽ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ സമർപ്പിച്ച കെട്ടിടത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയായി എന്നു റിപ്പോർട്ട് ചെയ്തതിനു കാരണം ഫയലിൽ ലഭ്യമല്ല. (നോട്ട് ഫയൽ പേജ് നം. 16)

8. 28.10.16 ലെ ഓവർസിയറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിലും 31.10.16ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് കുറിപ്പിലും CTP അംഗീകാരം ലഭിച്ചതിനേക്കാൾ കൂടുതൽ വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറി (പെർമിറ്റ് നോട്ട് ഫയൽ നം BA 206/09-10) 1.11.16ൽ പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അന്ന് തന്നെ പരാതിയുടെ അടിസ്ഥാനത്തിൽ occupancy നൽകിയതിനേക്കാൾ കൂടുതൽ സ്ഥലം occupy ചെയ്യുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തിയതായി ഓവർസിയർ, AEഎന്നിവർ റിപ്പോർട്ട് ചെയ്തിട്ടും പെർമിറ്റ് കാലാവധി ദീർഘിപ്പിച്ചു നൽകുകയും തുടർന്ന് അതേ ദിവസം തന്നെ പരാതിയുടെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലം occupy ചെയ്യുന്നുണ്ടോ എന്ന് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്ത നടപടികൾ പരസ്പരവിരുദ്ധമാണ്. (നോട്ട് ഫയൽ പേജ് നം. 17)

9. 3.9.2013ൽ ആദ്യം കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും, 1.11.16 ൽ രണ്ടാമത് പെർമിറ്റ് കാലാവധി നീട്ടി നൽകുകയും ചെയ്ത ടി കെട്ടിടത്തിന് 3.11.16 ൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഉടമസ്ഥൻ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് (*ചട്ടം 20-2(f)), ആർക്കിടെക്റ്റ് സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ് (*ചട്ടം22(i)) എന്നിവ ഫയലിൽ ലഭ്യമല്ല.

10.സമർപ്പിച്ചിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ area statements രേഖപ്പെടുത്തിയിട്ടില്ല.

11. മുൻസിപ്പൽ കൗൺസിലിന്റെ 13.12.16 തിയതിയിലെ യോഗത്തിൽ അജണ്ട ചർച്ച ചെയ്യുന്നതിനു മുൻപായി നഗരസഭാ പരിധിയിൽ കെട്ടിടനമ്പറില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന എം.സി.പി കൺവെൻഷൻ സെന്ററിലെ ഹാളുകൾ അടച്ചുപൂട്ടുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതു പ്രകാരം സ്വീകരിച്ച നടപടികൾ ഫയലിൽ ലഭ്യമല്ല.

12. 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 1(5)പ്രകാരമുള്ള ഒറ്റത്തവണനികുതിയുടെ ആദ്യഗഡു അടച്ച രശീതിയുടെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ ലഭ്യമല്ല. (സ.ഉ(എം.എസ്)231/15/ ത.സ്വ.ഭ.വ തിയതി 9.7.15).

13. 16.12.16 ൽ PWO2 ഈ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 10298.02m2 ആണ് എന്ന് അളന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിനെ അനധികൃത കെട്ടിടമായി കണക്കാക്കി നികുതി ചുമത്തി ആയത് ഈടാക്കുന്നതിനുള്ള നോട്ടീസ് (നോട്ടീസ് തിയതി 16.12.16) നൽകിയിട്ടുണ്ടെങ്കിലും അനധികൃതമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നത് നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. (വകുപ്പ് 406, കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും)ചട്ടങ്ങൾ- 2011ൽ ചട്ടം 20).

14. ചട്ടപ്രകാരം സ്ഥാപനത്തിലെ സ്വിംമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ 16.12.16 ൽ PWO2 ഈ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 10298.02m2 ആണ് എന്ന് അളന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്വിംമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം ഈ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. ഓഡിറ്റ് ടീം 4.1.2017 നഗരസഭയിലെ ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം പൂർണ്ണമായും പ്രവർത്തനസജ്ജമാണെന്നും, നിലവിൽ പ്രവർത്തനം തുടരുന്നുണ്ടെന്നും ബോധ്യപ്പെട്ടു. 2013-14 ൽ പണിപൂർത്തിയായ ഈ സ്ഥാപനത്തിന് 2016-17 ഒന്നാം അർദ്ധവർഷം വരെ ground floor ന്റെ വസ്തുനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.പരാതിയെ തുടർന്ന് 2016-17 ൽ D&O ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതിനാൽ നഗരസഭയുടെ ലൈസൻസ് ഇല്ലാതെയാണ് സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നത്.
16).സ്ഥാപനത്തിന്റെ മതിലുകളിൽ ജൂവല്ലറിയുടെ പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.എന്ന് സ്ഥലപരിശോധനയിൽ കാണുകയുണ്ടായി.ഈ പരസ്യങ്ങളുടെ പരസ്യ നികുതി നഗരസഭക്ക് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല.

<u>ഫയൽ സൂക്ഷിപ്പിലെ അപാകതകൾ</u>

1. ആർ 2/ 16715/16 നം.ഫയലിന്റെ നോട്ട് ഫയലിൽ സെക്ഷൻ ക്ലാർക്ക് ,റവന്യൂ ഇൻസ്പെക്ടർ, ജൂനിയർ സൂപ്രണ്ട് എന്നിവർ 12/2016 ൽ തയ്യാറാക്കിയ ഓഫീസ് കുറിപ്പുകൾക്ക് താഴെ സെക്രട്ടറി 11/2016 ലെ വിവിധ തിയതികളിൽ ഒപ്പുവെച്ചിരിക്കുന്നു.

2.Manual of office procedure പ്രകാരം നോട്ട് ഫയലുകളിലെ ഓരോ പേജുകൾക്കും ഖണ്ഡികകൾക്കും നമ്പറിടേണ്ടതാണ്.ഈ നടപടികൾ പാലിക്കാത്തതു കാരണം പരിശോധനാ വിധേയമാക്കിയ ഫയലുകളിൽ മുൻതിയതികൾ വെച്ച് എഴുതിചേർക്കാനുള്ള സാധ്യതയുണ്ട്.

3. കറന്റ് ഫയലുകൾ നമ്പർ ഇട്ടു സൂക്ഷിക്കുന്നില്ല.

മേൽ അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(എൻക്വയറി നം.4)

## <u>2.നിലം എന്ന് B.T.R ൽ രേഖപ്പെടുത്തിയ ഭൂമിയിലെ വാണിജ്യസമുച്ചയം, സിനിമാ തിയേറ്റർ നിർമ്മാണം</u>




ശ്രീ.ജോസ് & ശ്രീമതി. ഡാലി, ചെമ്പകശ്ശേരി വീട് എന്നിവരുടെ കെട്ടിടനിർമ്മാണ അനുമതിക്കുള്ള 3.6.15തിയതിയിലെ 8988/15-ാം നമ്പർ അപേക്ഷ പരിശോധിച്ചതിൽ താഴെ നൽകിയിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ഉടമസ്ഥാവകാശം തെളിയിക്കുന്നരേഖകളിൽ സർവ്വേ നം 292/1 ൽ പെട്ട 0.0834 ഹെക്ടർ, സർവ്വേ നം 292/3 ൽ പെട്ട 0.0819 ഹെക്ടർ ഭൂമിയുടെ പൊസഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.( എൻക്വയറി നം.11 തിയതി 28.12.2016)

2. 18.11.15 ലെ ഹൈക്കോടതി ഉത്തരവിന്റെ {(WP(C)20686/2015 - “The ground realities have to be assessed and as to whether the neighbouring property has been developed wherein structures are put up has to be deciphered”. Court directed the second respondent( The Irinjalakuda Muncipality represented by its secretary) to reconsider the application for building permit put in by the petitioner after a site inspection done with notice to the petitioner"} അടിസ്ഥാനത്തിൽ 3.2.16ൽ PWO 1 സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് താഴെ നൽകുന്നു.

“ഇരിഞ്ഞാലക്കുട ടൗണിൽ പുതിയതായി നിർമ്മാണം നടത്തിയിട്ടുള്ള കാട്ടൂർ ബൈപാസ് റോഡിനോട് ചേർന്നാണ് ഈ പ്ലോട്ട്. ഇരിഞ്ഞാലക്കുട ടൗണിന്റെ തുടർന്നുള്ള വികസനം ഈ ഭാഗം കേന്ദ്രീകരിച്ചായിരിക്കും. ആയതിനാൽ ഈ ഭാഗത്തു commercial building അനുവദിക്കുന്നത് ഉചിതമായിരിക്കും. ഈ ഭൂമി വളരെ വർഷങ്ങളായി ഫിൽ ചെയ്തിട്ടുള്ളതാണ്.നെൽകൃഷിയോഗ്യമല്ല. പ്രകൃതിദത്ത നീരൊഴുക്കിനു തടസ്സംവരാതെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകാവുന്നതാണ്".

കോടതി ഉത്തരവിൽ അനുശാസിക്കുംവിധം അടുത്തുള്ള ഭൂമികൾ developed ആണോ എന്ന് PWO 1ന്റെ റിപ്പോർട്ടിൽ പറയുന്നില്ല.

3. PWO 1 ന്റെ 15.4.16 തിയതിയിലെ ഓഫീസ് കുറിപ്പിൽ ഈ തിയതിയിൽ തന്നെ 3091.86 m2 തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി റിവൈസ്ഡ് പ്ലാൻ സമർപ്പിച്ചതായും ഇതിൽ 2032.47 m2 തിയേറ്റർ കോംപ്ലക്സ് ആണ് എന്നും പറയുന്നുണ്ട്. കൂടാതെ 21.7.16ലെ ചീഫ് ടൗൺ പ്ലാനർക്കുള്ള മുൻസിപ്പൽ സെക്രട്ടറിയുടെ ശുപാർശയിലും 3091.86m2 ഉള്ള വാണിജ്യ സമുച്ചയത്തിന് അനുമതി നൽകാവുന്നതാണ് എന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണ അനുമതി ലഭിച്ചശേഷം ഉപയോഗമാറ്റം വരുത്തുന്നതിനും, കൂട്ടിച്ചേർക്കലിനും വേണ്ടി അപേക്ഷ പെർമിറ്റിന് എന്ന പോലെ സമർപ്പിക്കേണ്ടതാണ്. എന്നാൽ 17.2.16 ൽ അനുവദിച്ച കെട്ടിടനിർമ്മാണ അനുമതി റദ്ദാക്കി 3091.86 m2 വിസ്തൃതിയുള്ള വാണിജ്യസമുച്ചയം, സിനിമാ തിയേറ്റർ നിർമ്മിക്കുന്നതിനായി 15.4.16 ൽ ഉടമസ്ഥൻ സമർപ്പിച്ച അപേക്ഷയോ, 3091.86 m2 വിസ്തൃതിയുള്ള റിവൈസ്ഡ് പ്ലാനോ( സൈറ്റ് പ്ലാൻ, കെട്ടിട പ്ലാൻ, സർവ്വീസ് പ്ലാൻ,പാർക്കിംഗ് പ്ലാൻ തുടങ്ങിയവ) ഫയലിൽ ലഭ്യമല്ല. 15.4.16ലെ distribution register പരിശോധിച്ചതിൽ പെർമിറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അപേക്ഷ തപാലിൽ സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

4. 15.4.16 ൽ സമർപ്പിച്ചു എന്ന് അവകാശപ്പെടുന്ന റിവൈസ്ഡ് പെർമിറ്റിനുള്ള അപേക്ഷയും പ്ലാനും 21.4.2016 ൽ CTP യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്(മുഖ്യനഗരാസൂത്രകന്റെ 15.11.16ലെ സി2/ 7225/2016 നമ്പർ കത്തിലെ സൂചന പ്രകാരം). 15.11.16 ലെ മുഖ്യനഗരാസൂത്രകന്റെ സി2/ 7225/2016 നമ്പർ കത്തിൽ കേരള സർക്കാരിന്റെ 19.4.16 തിയതിയിലെ 130/ആർ.എ-1/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ മൂന്നാം നിർദ്ദേശം "റവന്യൂ രേഖകൾ/ BTR എന്നിവയിൽ 'നിലം' എന്നു രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കരട് ഡാറ്റബാങ്കിലോ/ ഡാറ്റാബാങ്കിലോ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്താത്തതുമായ ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതിനു മുമ്പ്, കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള ജില്ലാകളക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2015 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 3 എ പ്രകാരമുള്ള ജില്ലാ കളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവോ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്" എന്ന് പറയുന്നുണ്ട്. ഈ കത്തിന് “19.4.2016ലെ 130/ആർ.എ-1/2016/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരമല്ല പകരം ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് അപേക്ഷ പരിഗണിച്ചിട്ടുള്ളത്, 15.04.2016ലെ റിവൈസ്ഡ് പ്ലാൻ സമർപ്പിക്കുമ്പോൾ ടി ഉത്തരവ് നിലവിലില്ല. ആയതിനാലാണ് ഈ സർക്കുലറിലെ നിബന്ധന പാലിക്കാതെ വിട്ടുപോയിട്ടുള്ളത് " എന്ന മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്.തപാലുകൾ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിക്കാത്തതിനാൽ അപേക്ഷയുടെയോ, അപേക്ഷ സ്വീകരിച്ച തിയതിയുടെയോ കൃത്യത ഉറപ്പിക്കാനാവില്ല.

5)മുഖ്യ നഗരാസൂത്രകന്റെ 17.12.2016ലെ സി2/7225/2016/KDIS നമ്പർ കത്തിൽ "കേരള സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 130/ആർ.എ1/2016/ത.സ്വ.ഭ.വ തിയതി 19.4.2016 പ്രകാരം ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും കെ.എം.ബി.ആർ ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷ പുന:സമർപ്പിക്കുന്ന മുറയ്ക്കും മാത്രമേ പ്രസ്തുത അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ" എന്ന് അറിയിച്ചിട്ടുണ്ട്.

6) നഗരസഭയിലെ ഉദ്യോഗസ്ഥരോടൊപ്പം 4.1.17നു നടത്തിയ സ്ഥലപരിശോധനയിൽ നെൽകൃഷി ചെയ്യാതെ തരിശ്ശിട്ടിരിക്കുന്ന 'നിലം' നികത്തിയാണ് ഈ കെട്ടിടം പണിയുന്നതെന്നും അടുത്തുള്ള സ്ഥലങ്ങൾ ഇപ്പോഴും തരിശ്ശിട്ടിരിക്കുന്ന 'നിലം' ഭൂമികൾ ആണെന്നും 3 നിലകളിലായി കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോഴും നടക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടു.

## 3.നവരത്ന ഹൈപ്പർമാർക്കറ്റ്

ശ്രീമതി. ലിസ ആന്റണി, കോടാലി പറമ്പിൽ വീട് എന്നിവരുടെ 4.3.16 തിയതിയിലെ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയ്ക്ക് (അപേക്ഷ നം. BA- 582/10-11) 5.3.16 തിയതിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിനെ തുടർന്ന് വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്.

23.5.16 ലെ PWO1 ന്റെ റിപ്പോർട്ടിൽ completed plinth area 10896.74m2 , പെർമിറ്റ് അനുവദിച്ച area 10679.52m2 ഉം ആണ് എന്നും അധിക ഏരിയ (217.22m2) ക്രമവൽക്കരിച്ച് occupancy നൽകാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 217.22 m2 അധികരിച്ചതിനാൽ CTP യിലേക്ക് പോകേണ്ടതായി കാണുന്നു എന്ന് AE റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പെർമിറ്റ് അനുവദിച്ച 10679.52m2 തറവിസ്തീർണ്ണത്തിന് partial occupancy നൽകുകയും, വസ്തുനികുതി നിർണ്ണയിച്ച്, കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ 217.22m2 അധിക നിർമ്മിതി CTPയുടെ അംഗീകാരം നേടി ക്രമവൽക്കരിക്കുന്നതിനും ക്രമവൽക്കരണ ഫീസ്, വസ്തുനികുതി തുടങ്ങിയവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സൂപ്പർ മാർക്കറ്റിന് ഈടാക്കേണ്ട നിരക്കിൽ ഒരു മുറിക്കു മാത്രമേ വസ്തുനികുതി കണക്കാക്കിയിട്ടുള്ളൂ (റൂം നമ്പർ VI / 49A2). മറ്റു മുറികൾക്ക് വാണിജ്യാവശ്യത്തിനുള്ള വസ്തുനികുതിയാണ് നിർണ്ണയിച്ചിരിക്കുന്നത്.

*മേൽ പറയുന്ന അപാകതകളുടെ വെളിച്ചത്തിൽ നഗരസഭ നൽകിയിട്ടുള്ള കെട്ടിടനിർമ്മാണ പെർമിറ്റുകളും, partial occupancy നൽകി നടത്തിയിട്ടുള്ള വസ്തുനികുതി നിർണ്ണയവും സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു. കൂടാതെ നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.*

** മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചട്ടങ്ങൾ 1999ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -എന്ന് കൂട്ടിവായിക്കേണ്ടതാണ്.*

## 2-4 മുറികളുടെ വാടക -പിഴ ഈടാക്കിയത് നിശ്ചിത നിരക്കിലല്ല

നഗരസഭയുടെ വാടകയ്ക്ക് നൽകിയ മുറികളുടെ വാടക വൈകി ഒടുക്കുന്നതിനുള്ള പിഴ നിശ്ചിത നിരക്കിനേക്കാൾ കുറവായും കൂടുതലായും ഈടാക്കി കാണുന്നു. ഇത്തരത്തിൽ ഈടാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | വാടകയ്ക്കെടുത്തയാൾ | പ്രതിമാസ വാടക | വാടക ഒടുക്കേണ്ട കാലയളവ്,തുക അടച്ച തിയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | കുറവ്/കൂടുതൽ |
|---|---|---|---|---|---|---|---|
| 1 | 18/59 | അജിതാ മോഹൻ പാറയിൽ ഹൗസ് എടത്തിരിത്തി | 2429 | 1)ജൂൺ -ഓഗസ്റ്റ് , 22.8. 15 | 6% 146 | 7.2% 175 | 36 കൂടുതൽ |
| 2 | 18/60 | പി .കെ.രാജൻ പൊന്നംപുള്ളി(H)എടത്തിരിത്തി | 2454 | ഡിസംബർ - മാർച്ച് 14.3.16 | 10% 245 | 11% 270 | 25 കൂടുതൽ |
| 3 | 18/61 | റോയ് ജോസ് , ആലുക്കൽ ഇരിഞ്ഞാലക്കുട | 2099 | സെപ്റ്റംബർ -മാർച്ച് 1.3.16 | 21% 439 | 86.5% 1816 | 1377 കൂടുതൽ |
| 4 | 18/ 65 | പി . എൻ . ഗോവിന്ദൻകുട്ടി പൊന്നംപുള്ളി ഹൗസ് | 4520 | ഏപ്രിൽ- ജൂൺ,25.11.15 ജൂലൈ- ജനുവരി , 23.3.16 | 21% 949 45% 2034 | 36% 1627 4.49% 203 | 678 കൂടുതൽ 1831കുറവ് |
| 5 | 18/71 | അബ്ബാസ് , വലിയവീട്ടിൽ ഹൗസ് , അഷ്ടമിച്ചിറ | 2486 | മെയ്-ജൂലൈ 10.7.15 | 3% 75 | -- | 75 കുറവ് |
| 6 | 5/235 | പി മധുസൂധനൻ (വിലാസം ഇല്ല) | 1213 | ഒക്ടോബർ - മാർച്ച് ,18.4.16 | 25% 303 | 15% 182 | 121 കുറവ് |
| 7 | 5/234 | എ. കെ തോമസ് | 2125 | ഏപ്രിൽ - ജൂൺ ,15.6.15 | 6% 135 | 4.7% 100 | 35 കുറവ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | 14/266 | എ ഡി ഷാജു<br>അക്കരക്കാരൻ<br>ഇരിഞ്ഞാലക്കുട | 575 | ഒക്ടോബർ -<br>ഫെബ്രുവരി,16.2.16<br>മാർച്ച്- 14.11.16 | 15%<br>86<br><br>45%<br>259 | 10%<br>58<br>-- | 28 കുറവ്<br><br>259 കുറവ് |

കുറവ് വന്ന തുക അതാത് വാടകക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2015-16 വർഷത്തിൽ തൊഴിൽ നികുതി കടിശ്ശിക ഈടാക്കാനുള്ളതിന്റെ വിശദവിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ്(15-16) | റിമാർക്സ് |
|---|---|---|---|
| 1. | പെരിങ്ങോട്ടുകര നമ്പൂതിരി യോഗക്ഷേമസഭ | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | ഇരിഞ്ഞാലക്കുട സോഷ്യൽ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 3 | പ്രെസ്സി ഡെന്റൽ ക്ളിനിക്ക് | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 4 | ആദിത്യ ബിർളാ ഗ്രൂപ്പ് ഓഫ് കമ്പനീസ് | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 5 | ജോ ഗ്യാസ് ഏജൻസീസ് | I,II അർധവർഷം | ,, |
| 6 | സ്റ്റുഡന്റ്സ് പി .ജി. സെന്റർ | I അർധവർഷം | ,, |
| 7 | സിറ്റി കേബിൾ വിഷൻ | I അർധവർഷം | ,, |
| 8 | കേരള വാട്ടർ അതോറിറ്റി | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 9 | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 10 | എസ് ബി റ്റി, ഇരിഞ്ഞാലക്കട | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 11 | പോൾ മെർച്ചന്റസ് ലിമിറ്റഡ് , സിററി ടവർ | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 12 | സിന്ധു മൂവി ഹൗസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 13 | ഇന്റിമേറ്റ് മാരേജ് ബ്യൂറോ, | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 14 | എ കെ പി ഹോംവെയർ | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 15 | മുകുന്ദപുരം കോളേജ് ഓഫ് ഐ. ടി . | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 16 | ഐ . കെ .എം സ്റ്റാഫ് , മുൻസിപ്പിൽ ഓഫീസ് | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 17 | സബ് ഡിവിഷനൽ പോലീസ് ഓഫീസ് | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 18 | ബി എസ് എൻ എൽ, ടെലിഫോൺ എക്സ്ചേഞ്ച്, മൂർക്കനാട് . | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 19 | കരിവന്നൂർ കെ എസ് ഇ ബി , ഇലക്ട്രിക്കൽ സബ് ഡിവിഷൻ | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 20 | എം. എ. സി .ടി , ഇരിഞ്ഞാലക്കട | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി |

| | | | |
|---|---|---|---|
| | | | ഈടാക്കിയിട്ടില്ല. |
| 21 | അസി. ഗവ . പ്ളീഡർ ,താലൂക്ക് ഓഫീസ് | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 22 | കേരളാ വാട്ടർ അതോറിറ്റി , കരുവന്നൂർ പമ്പിങ്ങ് സ്റ്റേഷൻ | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 23 | വർണാ തിയേറ്റർ | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 24 | കെ എ സ്പെഷാലിറ്റി ഹോസ്പിറ്റൽ | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 25 | കോ- ഓർഡിനേറ്റർ കുറീസ് | II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 26 | സമൂഹം കുറീസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 27 | ന്യൂ മിയ ചിറ്റസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 28 | ജോവിൽ കുറീസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 29 | സുന്ദരം -ബി എൻ പി പരിബാസ് ഹോം ഫിനാൻസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി |

| | | | |
|---|---|---|---|
| | | | ഈടാക്കിയിട്ടില്ല. |
| 30 | നീതി സ്റ്റോർ കയ്യൻകുന്ന് സർവീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 31 | ടോപ് വൺ കുറീസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 32 | പ്രിയങ്കരം കുറീസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 33 | ലക്കി സ്റ്റാർ ബാങ്കേഴ്സ് , ചേലൂർ | II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 34 | ജയസുവർണാ കുറീസ് | I,II അർധവർഷം | ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 35 | മാവേലി സ്റ്റോർ , പൊറത്തിശ്ശേരി | II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 36 | എ .സി. ന്യൂർ ,ഡെന്റൽ ഡിസൈനിങ്ങ് , ഠാണാ | I,II അർധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 37 | അഡ്വ.ജയചന്ദ്രൻ | I,II അർധവർഷം | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 38 | അഡ്വ.എം.ഐ.ആന്റണി. | I,II അർധവർഷം | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 39 | അഡ്വ.ഇ.എൻ.ശിവശങ്കരൻ | I,II അർധവർഷം | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 40 | അഡ്വ.സുനിൽകുമാർ | II അർധവർഷം | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

തൊഴിൽ നികുതി കുടിശ്ശികയുള്ളവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

രജിസ്റ്ററുകൾ പൂർണമായി എഴുതി സംക്ഷിപ്തം സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ അപൂർണ്ണം

1. 2015-16 വർഷത്തിലെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ (ട്രേഡേഴ്സ്) ചേർത്തതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികളെ ഉൾപ്പെടുത്തിയിട്ടില്ല.

a)ഷജീർ ബ്ളോസർ ,ബട്ടൺ പോയിന്റ് - I,II അർധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല .

b)ഭാസ്കരൻ, വടക്കേക്കര പെയിന്റിങ്ങ്-II അർധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

c)അനിൽകുമാർ, ക്ലാസിക്ക് കൺസ്ട്രക്ഷൻസ്- Iഅർധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല .

d)ശ്രുതി ബിന്ദു- I,II അർധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല .

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ , (എംപ്ളോയീസ് , ട്രേഡേഴ്സ് ), അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ജീവനക്കാരുടെ കുടിശ്ശിക സംബന്ധിച്ച് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 3840 രൂപ തടസ്സത്തിൽ വയ്ക്കുന്നു .

2015-16 വർഷത്തെ ലേലം നടത്തുന്നതിന്റെ പരസ്യം മാതൃഭൂമി, രാഷ്ട്രദീപിക എന്നീ രണ്ട് പത്രങ്ങളിൽ നല്കുന്നതിനായി 10880 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ രാഷ്ട്രദീപിക പത്രത്തിന് നല്കിയ 3840 രൂപ യുടെ ചെലവിനെ സാധൂകരിക്കുന്ന ബില്ലോ കൈപറ്റ് രസിതിയോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വ്യക്തമായ ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 3840 രൂപ തടസ്സത്തിൽ വയ്ക്കുന്നു.(ചെക്ക് നമ്പർ - 444285/ 13.5.15,കാനറാ ബാങ്ക്)

## 3-2 മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്

വിവിധ ആവശ്യങ്ങൾക്കായി 2015-16 വർഷത്തിൽ അഡ്വാൻസ് നല്കിയതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | വൌച്ചർ നമ്പർ | ചെക്ക് നമ്പർ | തുക | ചെലവിന്റെ വിശദവിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ബിനു .ഇ .ബി | 78/7-15 | 676242-17.7.15 | 30000 | ഇലക്ഷനുമായി ബന്ധപ്പെട്ട ചെലവ് |
| 2 | കേരള നിർമിതി കേന്ദ്രം | 32/10-15 | 048980-6-10- 15 | 130000 | ജവഹർ കോളനി കുടിവെള്ള പദ്ധതി – മൊബിലൈസേഷൻ അഡ്വാൻസ് |
| 3 | ബിനു ഇ ബി | 69/ 10-15 | 109202-20.10.15 | 100000 | 2015 ലെ നഗരസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവ് |
| 4 | ബിനു ഇ ബി | 29/11-15 | 109232-3.11.15 | 300000 | 2015 ലെ നഗരസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവ് |
| 5 | രാഗേഷ് | 15/12-15 | 109274- 2.12.15 | 5500 | ടാങ്കറിന്റെ ബാറ്ററി, ഫാൻബെൽറ്റ് മാറ്റുന്നിനു വേണ്ടി |
| 6 | കേബിൾട്രോൺ സിസ്റ്റംസിനു നല്കിയത് | 40/ 2-16 | 227684-16.2. 16 | 12000 | നഗരസഭയുടെ ഇന്റർകോം മെയിന്റനൻസിനായി |

മുൻക്കുറുകൾ ക്രമീകരിക്കേണ്ടതാണ്.

## 3-3 1-92 മുതൽ 3 -2002 വരെയുള്ള കാലയളവിലെ വെള്ളക്കരം കുടിശ്ശിക അടവാക്കിയത്- കൃത്യമായ രേഖകളില്ല- 186578 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഫയൽ നമ്പർ 2596- 15,

ചെലവ്- വൌച്ചർ നമ്പർ- 21501563-17.12.2015, ചെക്ക് നമ്പർ-109293,17.12.15

തുക – 186578 രൂപ (തനതു ഫണ്ട്)

ഇരിഞ്ഞാലക്കട നഗരസഭയുടെ കൺസ്യൂമർ നമ്പർ 1720- ഐ ജെ കെ നമ്പർ വാട്ടർ കണക്ഷന്റെ 1-92 മുതൽ 3 -2002 വരെയുള്ള കാലയളവിലെ വെള്ളക്കരം കുടിശ്ശിക 186578 രൂപ മേൽ പറയും പ്രകാരം അടവാക്കിയിട്ടുണ്ട്.മേൽ കാലയളവിലെ കുടിശ്ശിക കേരള വാട്ടർ അതോറിറ്റി അവരുടെ ലഡ്ജർ അടിസ്ഥാനമാക്കിയാണ് സ്ഥാപനത്തെ അറിയിച്ചിരിക്കുന്നത്. ഇത് തെളിയിക്കുന്നതിന് ബില്ലോ പകർപ്പോ, ഡിമാന്റ് നോട്ടീസോ വാട്ടർ അതോറിറ്റി നല്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല , ടി കണക്ഷൻ നല്കിയതായി പറയുന്ന അറവുശാല കെട്ടിടം വർഷങ്ങൾക്കുമുൻപേ പൊളിച്ചു പോയതായും ഫയലിൽ 20.10.15 ന് രേഖപ്പെടുത്തികാണുന്നു.വാട്ടർ അതോറിറ്റി അധികൃതർ പരിശോധിച്ച് കണക്ഷനോ കെട്ടിടമോ കണ്ടെത്താൻ കഴിയാത്തത് കൊണ്ട് 3-2002 വരെയുള്ള വാട്ടർ ചാർജ്ജും, കുടിശ്ശികയും കണക്കാക്കി ഒറ്റത്തവണ തീർപ്പാക്കാൻ നിർദ്ദേശം നല്കി.യഥാർത്ഥ കുടിശ്ശികയായി വാട്ടർ അതോറിറ്റി ആദ്യം ആവശ്യപ്പെട്ട 186578 രൂപ വൺ ടൈം സെറ്റിൽമെന്റ് ആയി ഒടുക്കുവാൻ നഗരസഭയോട് ആവശ്യപ്പെടുകയും മുൻസിപ്പാലിറ്റി 23.9.15 ലെ (1)-ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരം അടവാക്കുകയും ചെയ്തു.

ദശാബ്ദങ്ങൾക്ക് മുമ്പുള്ള വെള്ളക്കരം കുടിശ്ശിക എന്ന് പറയുന്ന സംഖ്യ രേഖകളും കണക്കുകളുമില്ലാതെയും , സർക്കാർ അംഗീകാരമില്ലാതെയും അടവാക്കിയത് ശരിയായ നടപടിയല്ല എന്നതിനാൽ മേല്പറയുന്ന ചെലവു തുക 186578 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഹെഡ്മിസ്ട്രസ് ഗവ.മോഡൽ ബോയ്സ് ഹൈസ്കൂൾ -പദ്ധതി നടത്തിപ്പിലെ

## അപാകതകൾ

a)എസ്.എസ്. എ .വിഹിതം- അധിക ശതമാനം അനുവദിച്ചു.

പ്രോജക്ട് നം. so157/16.

ട്രഷറി ബിൽ നം.8/2015- 16 dtd.15.2.16. 2400000/

ഹെഡ്മിസ്ട്രസ് ഗവ.മോഡൽ ബോയ്സ് ഹൈസ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിൽ ഡി.ഡി. നം.107340 dtd.15.2.16. പ്രകാരം 2400000/ രൂപ SSA ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഹാജരാക്കിയ പൂർത്തികരണ സാക്ഷ്യപത്രം പ്രകാരം 2015-16 കേന്ദ്രവിഹിതം അടക്കം 5551020/ രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവിന്റെ 35% മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടത്. ആയത് പ്രകാരം നൽകേണ്ട തുക (5551020* 35%)

1942857/മാത്രമാണ്.ബാക്കി തുകയായ457143/ രൂപ തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

b) പത്താം തരം തുല്ല്യത പരീക്ഷ – വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. so155/16.

ട്രഷറി ബിൽ നം.10/2015- 16 dtd.30.3.16. ₹10500/

ഹെഡ്മിസ്ട്രസ് ഗവ.മോഡൽ ബോയ്സ് ഹൈസ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിൽ ഡി.ഡി. നം.108693 dtd.30.3.16.

10500 രൂപ സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർക്ക് 7 പഠിതാക്കളുടെ കോഴ്സ് ഫീ ഇനത്തിൽ നൽകിയിട്ടുള്ളതാണ്.എന്നാൽ പഠിതാക്കളുടെ അപേക്ഷകൾ, പഠിതാക്കൾ തുല്ല്യത ക്ലാസ്സുകളിൽ പങ്കെടുത്തതിന്റെയോ,പരീക്ഷ എഴുതിയത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക 10500 തടസ്സപ്പെടുത്തുന്നു.

## 3-5 കൈപ്പറ്റ് രശീത്, ഷെയർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ട്രഷറി ബിൽ നം.44/2015-16. Dtd.31.3.16. 5000000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം. so466/16 – ക്ലീൻ കേരള കമ്പനിയുടെ ഓഹരി വാങ്ങൽ എന്ന പ്രോജക്ടിന് വേണ്ടി ഡി.ഡി. നം.109040 dtd.31.3.16. ₹5000000രൂപ മാനേജിംഗ് ഡയറക്ടർ ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപ്പറ്റ് രശീത്, ഷെയർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 5000000 രൂപ തടസ്സപ്പെടുത്തുന്നു .

## 3-6 നഗരസഭയിലേക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കും സാധനങ്ങളും സേവനങ്ങളും വാങ്ങൽ– സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുന്നു -ചെലവ് തുക തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനുവേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ. (പി) 259/2010 /ത.സ്വ.ഭ.വ /8.11.2010 നംപർ ഉത്തരവിലൂടെ സർക്കാർ നല്കിയിട്ടുണ്ട്. ആയതു പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള വാങ്ങലുകൾക്ക് വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നല്കണം. ടെണ്ടർ സമർപ്പിച്ചവരുടേയും സോഷ്യൽ ഓഡിറ്റ് കമ്മറ്റിയിലെ ഒരംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നല്കുന്ന ഒരു വാങ്ങൽ ടീം സ്ഥാപനത്തിൽ രൂപീകരിക്കണം. വാങ്ങൽ കമ്മറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ വാങ്ങൽ കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്.

മേൽപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ പലതും ലംഘിച്ചുകൊണ്ട് നഗരസഭയിലേക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കും സാധനങ്ങളും സേവനങ്ങളും വാങ്ങിയിട്ടുണ്ട്. ക്രമപ്രകാരമല്ലാത്ത വാങ്ങലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

a) പി.കെ.ചാത്തൻമാസ്റ്റർ മെമ്മോറിയൽ ഗവ.യു.പി സ്കൂൾ.

പ്രോജക്റ്റ് നം. so177/16 - ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ

ട്രഷറി ബിൽ നം.9/2015-16 dtd. 28.3.16. ₹138900/

ജോൺസൺ ഒല്ലൂക്കാരൻ തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും മേശ,കസേര, അലമാര എന്നിവ വാങ്ങിയതിന് മേൽ തുക ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടില്ല. ഇൻവോയ്സ് നം.10.dtd.8.3.16 പ്രകാരം ബില്ലിൽ വാറ്റ് ഉൾപ്പെടുത്തിയിട്ടില്ല..50 രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് കരാർ എഴുതിയിരിക്കുന്നത്.പ്രോക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കാത്തതിനും സിംഗിൾ ടെണ്ടർ നടപടിക്രമം പാലിച്ചതിനും,ബില്ലിൽ വാറ്റ് ഉൾപ്പെടുത്താത്തതിനും തൃപ്തികരമായ മറുപടി നൽകിയില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 138900 രൂപ തടസ്സപ്പെടുത്തുന്നു.

b)ഗവ.ഗേൾസ് ഹൈസ്കൂൾ ഇരിങ്ങാലക്കട.

പ്രോജക്റ്റ്നം.- so171/16 കമ്പ്യൂട്ടർ,ഉപകരണങ്ങൾ വാങ്ങൽ

ട്രഷറി ബിൽ നം.3/2015-16 dtd.31.3.16. ₹59270/-
മേൽ പ്രോജക്റ്റിൽ പാത്രങ്ങൾ, ക്യാമറ ,മൈക്ക്സെറ്റ് എന്നിവ വാങ്ങിയതിന് ഫിറ്റ് വെൽ ഏജൻസീസ് കരിയച്ചിറ എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ ഫിറ്റവെൽ ഏജൻസിസിന്റെ ഒഴികെ മറ്റ് ടെണ്ടർ/ ക്വട്ടേഷൻ കാണുന്നില്ല. ബില്ലിൽ വാറ്റ് ഉൾപ്പെടുത്തിയിട്ടില്ല. പത്രപരസ്യം ഹാജരാക്കിയിട്ടില്ല.പ്രോജക്റ്റ് റി ടെണ്ടർ ചെയ്തതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.പ്രോജക്റ്റിൽ ക്യാമറയുടെ ആവശ്യകത രേഖപ്പെടുത്തിയിട്ടില്ല.നടപടിക്രമം പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക 59270 രൂപ തടസ്സപ്പെടുത്തുന്നു
c)ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ

പ്രോജക്റ്റ്നം.s0/190/16- - ലൈബ്രറിബുക്കുകൾ,ഷെൽഫ്,ബഞ്ച്.ഡെസ്ക്,കമ്പ്യൂട്ടർ എന്നിവ വാങ്ങൽ

ട്രഷറി ബിൽ നം.3/2015-16. Dtd.18.2.16. ₹75000/-

ജോൺസൺ ഒല്ലൂക്കാരൻ കരിയച്ചിറ എന്ന സ്ഥാപനത്തിൽ നിന്നും 15 ഡെസ്കും 15 ബഞ്ചും വാങ്ങിയതിന് 75000/ രൂപ ചെലവഴിച്ചിട്ടുണ്ട്. ബില്ലിൽ വാറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ജോൺസൺ ഒല്ലൂക്കാരൻ കരിയച്ചിറ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ മാത്രമാണ് ഫയലിൽ ഉള്ളത്. മത്സരാധിഷ്ഠിത

ടെണ്ടർ ക്ഷണിച്ചിട്ടില്ല.ശരിയായ നടപടിക്രമം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക 75000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ -സ്ഥാപനവുമായി കരാർ വെയ്ക്കുന്നില്ല.

പ്രോജക്റ്റ് നം.so242/16

എ.വി.എം. ഗവ.ആയുർവേദ ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ട്രഷറി ബിൽ നം.1/2015-16 dtd.15.9.15 പ്രകാരം 10 ലക്ഷം രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. (ഡി.ഡി.നം.456234 dtd.15.9.15.)മരുന്നുകൾ വാങ്ങിയപ്പോൾ സ്ഥാപനവുമായി ക്ഷമതയുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. ഫയൽ പരിശോധനയിൽ മരുന്നുകൾ സമയബന്ധിതമായി സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം. തിയതി. | തുക | ലഭ്യമായ തിയതി |
|---|---|---|
| 1889 dtd.22.9.15. | 384328 | ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2649 dtd.31.10.15. | 237444 | - ടി- |
| 2834 dtd.31.10.15. | 47039 | 21.12.15 |
| 3234 dtd.3o.11.15. | 22536 | 2.1.16. |
| 3848 dtd.31.12.15. | 29175 | 3.2.16. |
| 4600 dtd.31.1.16. | 270810 | 19.2.16. |
| 5281 dtd.29.2.16. | 8669 | 2.4.16. |

സ്ഥാപനവുമായി ക്ഷമതയുള്ള കരാറിൽ ഏർപ്പെടേണ്ടതും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനുവേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ. (പി) 259/2010/ത.സ്വ.ഭ.വ /8.11.2010 നംപർ ഉത്തരവിലൂടെ സർക്കാർ നല്കിയിട്ടുണ്ട്. ഈ ഉത്തരവിലെ മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം 2015-16 വർഷം വാങ്ങൽ നടത്തേണ്ടിയിരുന്നത്. ആയതു പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള വാങ്ങലുകൾക്ക് വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യ തീയതി മുതൽ 21 ദിവസം നല്കണം. ടെണ്ടർ സമർപ്പിച്ചവരുടേയും സോഷ്യൽ ഓഡിറ്റ് കമ്മറ്റിയിലെ ഒരംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നല്കുന്ന ഒരു വാങ്ങൽ ടീം സ്ഥാപനത്തിൽ രൂപീകരിക്കണം. വാങ്ങൽ കമ്മറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ വാങ്ങൽ കമ്മിറ്റി അംഗീകരിക്കേണ്ടതുണ്ട്. മേൽപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ പലതും ലംഘിച്ചുകൊണ്ട് താഴെപ്പറയുന്ന വാങ്ങൽ നടത്തിയതായി കാണുന്നു.

പ്രൊജക്ട്-പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ(നം.284/16)
നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടിക ജാതി വികസന ഓഫീസർ
പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കൽ എന്ന പദ്ധതിയുടെ നടത്തിപ്പിനായി ഇരിങ്ങാലക്കുട മാതാ സൈക്കിൾസ് എന്ന സ്ഥാപനത്തിൽ നിന്നും ആൺകുട്ടികൾക്കുള്ള 42സൈക്കിളും പെൺകുട്ടികൾക്കുള്ള 33 സൈക്കിളും വാങ്ങിയ വകയിൽ ₹ 273360ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ 31/28.3.16) . പത്ര പരസ്യം നല്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ അംഗത്തിന്റെ സാന്നിദ്ധ്യത്തിലല്ല ടെണ്ടറുകൾ തുറന്നിട്ടുള്ളത്. വാങ്ങലുകൾ വാങ്ങൽ കമ്മിറ്റി അംഗീകരിച്ചിട്ടില്ല. 2014-15 വർഷത്തെ പദ്ധതി നടത്തിപ്പിലേക്കായി വാങ്ങിയ സൈക്കിളുകൾ 2015 മാർച്ച് അവസാന ആഴ്ചയിലാണ് വിതരണം ചെയ്തിട്ടുള്ളത് എങ്കിൽ തൻവർഷം വാങ്ങിയ സൈക്കിളുകൾ 10ാം ക്ലാസ്സ് അധ്യയന വർഷം കഴിഞ്ഞ് ഏപ്രിൽ മാസത്തിലാണ് വിതരണം ചെയ്തിട്ടുള്ളത്. പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് അവരുടെ പഠന കാലയളവിൽ യാത്രാ സൗകര്യത്തിനു വേണ്ടി സൈക്കിൾ ലഭ്യമാക്കുന്നതിനു പകരം അവരുടെ പഠനം കഴിഞ്ഞ് സൈക്കിൾ നല്കിയതു വഴി പദ്ധതി ലക്ഷ്യം കണ്ടില്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത നിലനിർത്തുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അവഗണിച്ച് വാങ്ങൽ നടത്തിയതിന് വിശദീകരണവും ടെണ്ടർ പരസ്യം നല്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 ഭവനനിർമ്മാണ പദ്ധതി (പൊതു വിഭാഗം) - ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല

നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ആരംഭിച്ച പദ്ധതിയിലെ (പ്രൊജക്ട് നം.249/16)കരാർവച്ച് പ്രവൃത്തി ആരംഭിച്ച 8പേരിൽ താഴെപ്പറയുന്ന 3ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. സബ്സിഡി തുക 2 ലക്ഷം രൂപയാണ്. ഗുണഭോക്താക്കളുമായുള്ള കരാറിൽ എന്ന് പ്രവൃത്തി പൂർത്തീകരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടില്ല.(കരാറിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല)

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | നാളിതുവരെ കൈപ്പറ്റിയ തുക(₹) |
|---|---|---|
| 1 | ലക്ഷ്മി,കരുവന്നൂർ കൂടാരത്തിൽ, മാപ്രാണം | 140000 |
| 2 | മണിയമ്മ, പനംകുളം, കുഴിക്കാട്ടുകോണം | 180000 |
| 3 | ലീല രവി, തലപ്പുള്ളി, പൊറത്തിശ്ശേരി | 180000 |

മേല്പറയുന്ന ഗുണഭോക്താക്കൾക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഭവനനിർമ്മാണ പദ്ധതി (പട്ടിക ജാതി വിഭാഗം) - ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല

പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ആരംഭിച്ച പദ്ധതിയിലെ (പ്രൊജക്ട് നം.256/16)കരാർവച്ച് പ്രവൃത്തി ആരംഭിച്ച 20പേരിൽ താഴെപ്പറയുന്ന 16 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. സബ്സിഡി തുക 3 ലക്ഷം രൂപയാണ്. ഗുണഭോക്താക്കളുമായുള്ള

കരാറിൽ എന്ന് പ്രവൃത്തി പൂർത്തീകരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടില്ല.(കരാറിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല)

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | നാളിതുവരെ കൈപ്പറ്റിയ തുക(₹) |
|---|---|---|
| 1 | വള്ളിയമ്മ, പേച്ചേരി, കരുവന്നൂർ | 120000 |
| 2 | മിഥു മനേഷ്, പട്ടത്ത്, മൂർക്കനാട് | 30000 |
| 3 | ജയന്തി, പൊയ്യാറ, മൂർക്കനാട് | 210000 |
| 4 | സുനിലൻ, ചേച്ചാട്ടിൽ, മൂർക്കനാട് | 30000 |
| 5 | സരസു, വല്ലത്തുപറമ്പിൽ, കരുവന്നൂർ | 120000 |
| 6 | ബിജി, കോലോത്ത്, കരുവന്നൂർ | 270000 |
| 7 | ബിന്ദു, പാലാഴി, കുഴിക്കാട്ടുകോണം | 270000 |
| 8 | വിജിത, അന്തിക്കാട്ടുപറമ്പിൽ, മാടായിക്കോണം | 120000 |
| 9 | കോമള, പിണ്ടിയത്ത്, മാപ്രാണം | 30000 |
| 10 | രമ, ചെമ്മാരത്ത്, പൊറത്തിശ്ശേരി | 270000 |
| 11 | ശിവരാമൻ, വെള്ളാനിക്കാരൻ, ഇരിങ്ങാലക്കുട | 210000 |
| 12 | അമ്മിണി, വേഷ്ണാട്ട്, മൂർക്കനാട് | 270000 |
| 13 | അമ്മിണി, പെരുമ്പിള്ളി, മൂർക്കനാട് | 30000 |
| 14 | സുജാത,ചോഴിപ്പറമ്പിൽ, ഇരിങ്ങാലക്കുട | 210000 |
| 15 | വിലാസിനി, കളംങ്കോഴി, ഇരിങ്ങാലക്കുട | 210000 |
| 16 | അനൂപ്.കെ.വി, കളപ്പറമ്പിൽ, കാരുകുളങ്ങര | 30000 |

മേല്പറയുന്ന ഗുണഭോക്താക്കൾക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ പൊതു അവലോകനം

1. 2015-16 വർഷത്തിൽ 330 പദ്ധതികൾ ഉണ്ടായിരുന്നതിൽ 226 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.ഈ പദ്ധതികൾക്കായി 14,01,65,025/- രൂപ വകയിരുത്തിയതിൽ 31-3-2016 വരെ 7,53,17,984/- രൂപ ചെലവഴിച്ചിട്ടുണ്ട്.6,48,47,041/-ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കുവാൻ ബാക്കിനിൽക്കുന്നുണ്ട്. വകയിരുത്തതിയ ഫണ്ടിൽ 648.47 ലക്ഷം ചെലവഴിക്കുവാനും 104 പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.മാത്രമല്ല ഓഡിറ്റ് വർഷത്തിൽ 54% തുക മാത്രമെ മുൻസിപ്പൽ എഞ്ചിനിയർ ചെലവഴിച്ചതായി

കാണുന്നു.

2. പൂർത്തിയാക്കാൻ കഴിയാത്ത 104പദ്ധതികളിൽ 47 പദ്ധതികൾ ഉപേക്ഷിച്ചതായി കാണുന്നു. ഉപേക്ഷിച്ച പദ്ധതികൾക്കായി മാറ്റിവെച്ചിരുന്ന ആകെ തുക 2,14,23,689/- രൂപയാണ്.214.23 ലക്ഷം രൂപയുടെ പദ്ധതികൾ ഉപേക്ഷിക്കാനിടയായ സാഹചര്യങ്ങൾ വിശദീകരിക്കേണ്ടതാണ്.

## 3-12 2015-16 വർഷത്തെ മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതിയയുടെ പരിശോധനയിൽ കണ്ട അപാകതകൾ

2015-16 വർഷത്തെ മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 330 പദ്ധതികൾക്കായി വകയിരുത്തിയത് 14,01,65,025/- രൂപയായിരുന്നു.പൂർത്തീകരിച്ച 226 പദ്ധതികൾക്കായി 7,53,17,984/-ചെലവഴിച്ചിട്ടുണ്ട്.തൻ വർഷം നടപ്പാക്കാൻ കഴിയാതെപോയ 104 പദ്ധതികൾക്കായി വകയിരുത്തിയ 6,48,47,041/-രൂപ ഉപയോഗിക്കുവാൻ കഴിയാതെപോയതായി കാണുന്നു.6.48കോടി രൂപ ഉപയോഗിക്കുവാൻ കഴിയാതെപോയതും 104 പദ്ധതികൾ നടപ്പാക്കാൻ കഴിയാതെപോയതും എന്തുകൊണ്ടെന്ന് വിശദീകരിക്കേണ്ടതാണ്.

2.നടപ്പിലാക്കുവാൻ കഴിയാതെപോയ 104 പദ്ധതികളിൽ എത്ര പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.

3.KVAT രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
4.KVAT കോമ്പൗണ്ട് ചെയ്ത നിരക്കിലാണ് നികുതി പിരിച്ചിട്ടുള്ളത് എങ്കിലും കോമ്പൗണ്ട് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5.ഫയലുകൾ ഒന്നും കൃത്യമായ രീതിയിൽ നമ്പർ ചെയ്ത് സൂക്ഷിക്കുന്നില്ല.

## 3-13 ഗവ.ഹയർ സെക്കന്ററി സ്കൂൾ -ലാബിന് സ്റ്റോർ റൂം നിർമ്മാണം - അപാകതകൾ

പദ്ധതി നം251/14 -15/2016 ഫയൽ pw.1-8578/13

ആദ്യ എസ്റ്റിമേറ്റ് -28,00,000/- കാലാവധി-13 മാസം

29-9-2015 ൽ പുതുക്കിയ എസ്റ്റിമേറ്റ് -27,95,655/-

2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ഈ പദ്ധതിയുടെ ഭാഗമായി 3 ബില്ലുകളിലായി 27,99,720/- രൂപ ചെലവഴിച്ചതായി കാണുന്നു . 4-1-2014 ൽ കരാർ വെച്ച കോൺട്രാക്ടർ സുനികമാർ ടി.സി. ( 0.01% കുറവിന് )പണി തുടങ്ങുകയും 4-2-15 ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പണി പൂർത്തീകരിക്കുവാനുള്ള സമയം സെലക്ഷൻ നോട്ടീസ് പ്രകാരം 12 മാസവും വർക്ക് ഓർഡർ പ്രകാരം 13 മാസവും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.രേഖകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

2. 29-9-2015 ൽ പുതുക്കിയ എസ്റ്റിമേറ്റ് -27,95,655/-രൂപയാണ് .പദ്ധതിയുടെ ആകെ ചെലവ് 27,99,720/- രൂപയുമാണ് . പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 4065/-രൂപ അധികം ചെലവഴിച്ചതായി കാണുന്നു.

3.കോൺട്രാക്ടറുടെ KVAT രജിസ്ട്രേഷൻ രേഖകളും നികുതി കോമ്പൗണ്ട് ചെയ്തതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്നാൽ കോമ്പൗണ്ട് ചെയ്ത നിരക്കിലാണ് നികുതി പിരിച്ചിട്ടുള്ളത് .

4.സർക്കാരിലേക്ക് അടവാക്കേണ്ട നികുതികൾ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. പദ്ധതിയുടെ ഭാഗമായി നടത്തിയ ചെലവിൽ അർഹമായതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി കാണുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 29-9-2015 ൽ പുതുക്കിയ എസ്റ്റിമേറ്റ് -27,95,655/-രൂപ

പദ്ധതിയുടെ ആകെ ചെലവ് -27,99,720/- രൂപ

പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ അധികം നൽകിയത് -4065/-രൂപ

അംഗീകരിക്കാവുന്ന ആകെ ചെലവ് -27,95,655/-രൂപ

2. മൂന്നാമത്തെ ബില്ലിൽ നിന്ന് നികുതികൾ പിടിച്ചിട്ടില്ല

KVAT 4% ആദ്യ ബിൽ =46485/-

" രണ്ടാമത്തെ ബിൽ =31338/-

മൂന്നാമത്തെ ബില്ലിൽ പിടിച്ചിട്ടില്ല

ആകെ പിടിച്ചത് = 77,823/-

I.T -1% ആദ്യ ബിൽ =15,495/-

" രണ്ടാമത്തെ ബിൽ =7,847/-

മൂന്നാമത്തെ ബില്ലിൽ പിടിച്ചിട്ടില്ല
ആകെ പിടിച്ചത് = 23,342/-

KCWWF 1%ആദ്യ ബിൽ =15,495/-

" രണ്ടാമത്തെ ബിൽ =7,847/-

മൂന്നാമത്തെ ബിൽ പിടിച്ചിട്ടില്ല

ആകെ പിടിച്ചത് = 23,342/-

ആകെ ചെലവ് ബിൽ പ്രകാരം = 27,99,720/-

ആകെ ചെലവ് അനുവദിക്കാവുന്നത്=-27,95,655/-രൂപ

ആദ്യ ബിൽ =15,49,356/-

രണ്ടാമത്തെ ബിൽ =7,84,707/-

മൂന്നാമത്തെ ബിൽ തുക =4,65,657/-

ആകെ കൊടുത്ത് =27,99,720/-

അധികം ചെലവഴിച്ചത് =4065/-രൂപ

പണി പൂർത്തീകരിച്ചത് 4-2-2015 ൽ ആണ്. ഇതിന് ശേഷമാണ് പുതുക്കിയഎസ്റ്റിമേറ്റ് 29-9-2015 ൽ പാസാക്കുന്നത്.ആയതിനാൽ പണി പൂർത്തിയാക്കിയതിന് ശേഷമുള്ള പുതുക്കിയ എസ്റ്റിമേറ്റിനെക്കാൾ അധികം നൽകിയ 4065/-രൂപ അംഗീകരിക്കുന്നില്ല.

2.മൂന്നാമത്തെ ബില്ലിൽനിന്ന് KVAT18,262/-, IT1%4675/-, KCWWF1% 4657/-അടക്കം ആകെ =27,576/-പിടിച്ചിട്ടില്ല .തുക മുഴുവൻ കോൺട്രാക്ടർക്ക് കൊടുത്തു കഴിഞ്ഞതിനാൽ ബന്ധപ്പെട്ടവരിൽ നിന്ന് ഈ തുക തിരിച്ചു പിടിച്ച് നികുതികൾ അടവാക്കേണ്ടതാണ് .നികുതിയിനത്തിൽ വരുന്ന പിഴ കൂടി ഇവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-14 മുൻസിപ്പൽ എഞ്ചിനീയർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

2012-13വർഷത്തിന് ശേഷം ക്യാഷ് ബുക്ക് എഴുതുന്നില്ല. ഓഡിറ്റ് വർഷത്തിലുംക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല .ബിൽ നം/വൗച്ചർ നം വർക്ക് ബില്ലുകളിൽ രേഖപ്പെടുത്തുന്നില്ല.കോൺട്രാക്ടർക്ക് ചെക്ക് പ്രകാരം നൽകുന്ന തുകയല്ല യഥാർത്ഥ ബിൽ തുക. യഥാർത്ഥ ചെലവ് എവിടേയും രേഖപ്പെടുത്തുന്നില്ല.അഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലേയും കണക്ക് സൂക്ഷിപ്പിലേയും ഗുരുതരമായ പിഴവാണ് ഇത് ചൂണ്ടികാണിക്കുന്നത്.ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ടാർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ പരിശോധന-ഉപയോഗിക്കാൻ കഴിയാത്ത VG-10ഗ്രേഡിലുള്ള ടാർ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു

ഫയൽ നം.pw1-1170613(1)

2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ടാറിംഗ് പ്രവൃത്തികളുടെ ഭാഗമായി SIDCO ഒല്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന് 303.14ടൺ(1200 ബാരൽ)ടാർ വാങ്ങിയിട്ടുണ്ട്.ആസൂത്രണത്തിൽ വന്ന പിഴവ് മൂലം ചില പ്രവൃത്തികൾ നടക്കാതെ വന്നതിനാലും നടന്ന പ്രവൃത്തികളുടെ അളവുകളിൽ മാറ്റങ്ങൾ വന്നതിനാലും സ്റ്റോക്കിൽ(പേജ് 15 പ്രകാരം) 140 ബാരൽ ടാർ ബാക്കി നിൽക്കുന്നുണ്ട്.VG -10ഗ്രേഡിൽ ഉൾപ്പെട്ടതാണ് സ്റ്റോക്കിൽ ബാക്കി നിൽക്കുന്ന ടാർ.ഇതിൽ ഒരു ലോഡ് ടാർ( 60 ബാരൽ) സ്ഥാപനം ആവശ്യപ്പെടാതെ തന്നെ SIDCO ഇറക്കിയതാണ്.ഇത് തിരിച്ചെടുക്കുവാൻ SIDCO യോട് തരികെ എടുക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.അങ്ങിനെയെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ ബാക്കി 80 ബാരൽ ടാർ ആണ്.മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരം 2016-17 വർഷത്തിൽ VG30 ഗ്രേഡിലുള്ള ടാർ മാത്രമെ റോഡ് പണിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഉപയോഗിക്കാൻ കഴിയു എന്നതിനാൽ സ്റ്റോക്കിൽ ബാക്കി നിൽക്കുന്ന ടാർ അടിയന്തിരമായി ലേലം ചെയ്ത് വിൽക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടാർ ലേലം ചെയ്ത് വിൽക്കുമ്പോൾ സ്ഥാപനത്തിന് നഷ്ടം വരുകയാണെങ്കിൽ ആയത് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

ടാർ വാങ്ങുന്ന ആവശ്യത്തിലേക്കായി 3 ബില്ലുകളിലായി 1,38,61,277/-രൂപ ഫയൽ പ്രകാരം ചെലവഴിച്ചതായി കാണുന്നു.മുൻസിപ്പാലിറ്റിയിൽ ഇറക്കിയ 2000ബാരലിന്റെ (ആവശ്യപ്പെടാതെ ഇറക്കിയ 60 ബാരൽ ഒഴികെ) വില 1,37,80,962/-രൂപയാണ്.ഇതുപ്രകാരം 80,315/-രൂപ SIDCO ഒല്ലൂരിൽ അധികം അടവാക്കിയതായി കാണുന്നു.ഈ തുക തിരികെ വാങ്ങുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ-കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ മുൻസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ പരിശോധനയിൽ കാലാവധികഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ മുൻസിപ്പൽ എഞ്ചിനീയർ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.എന്നാൽ കെ .എഫ്.സി.ആർട്ടിക്കിൾ 287 പ്രകാരം കരാറിന്റെഭാഗമായി നടത്തുന്ന സുരക്ഷിത നിക്ഷേപം , പ്രവൃത്തി അവസാനിച്ച് ഇതിന്റെ ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് കഴിഞ്ഞ് 3വർഷം കഴിഞ്ഞാൽ ലാപ്സ്ഡ് ഡെപ്പോസിറ്റാകും.ഇത്തരം ലാപ്സ്ഡ് ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് വകയിരു ത്തേണ്ടതാണ്.വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| വർഷം | പേര് | FDRന്റെ വിശദാംശങ്ങൾ | തുക | പിരീഡ് |
|---|---|---|---|---|
| 2005-06 | സി..ഡി.ജോണി | 197837 തി.18-8-2005 LKB കല്ലൂർ | 750/- | 18-8-2005 to 17-8-2006 |
| 1999-2000 | സി..ഡി.ജോണി | 080124 തി.19-4-1999 LKB കല്ലൂർ | 225/- | 19-4-1999 to 18-10-2000 |
| 1997-98 | സി..ഡി.ജോണി | 052082തി.8-1-1998 LKB കല്ലൂർ | 100/- | 8-1-1998 to 7-2-1999 |
| 2006-2007 | K.I.ചന്ദ്രമോഹനൻ | A/c 67035124441 തി.18-8-2005 SBT Cochin | 2500/- | 8-1-2006 to 7-1-2007 |

| | | | | |
|---|---|---|---|---|
| 2010-2011 | സി..ഡി.ജോണി | 3235തി.5-6-2010 SCB ഇരിങ്ങാലക്കട | 2200/- | 5-6-2010 to 5-6-2011 |
| 2010-2011 | സി..ഡി.ജോണി | 3231 തി.5-6-2010 SCB ഇരിങ്ങാലക്കട | 2300/- | 5-6-2010 to 5-6-2011 |

## 3-17 ആസ്തികളുടെ പരിപാലനം

4.1.17 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജവഹർ കോളനി ഫ്ളാറ്റ് സമുച്ചയം സന്ദർശിച്ചു. ഇതിന്റെ ഭാഗമായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.
1)താഴ്ന്ന നിരപ്പിലുള്ള കൃഷി ഭൂമിയിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്.
2)സമുച്ചയത്തിനു ചുറ്റും വെള്ളക്കെട്ടുള്ളതായി അന്തേവാസികൾ വാക്കാൽ പരാതി ഉന്നയിക്കുകയുണ്ടായി.
3)സെപ്റ്റിക്ക് ടാങ്കുകൾ ലീക്ക് ചെയ്യുന്നതിനാൽ ഈ പ്രദേശത്തെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതാണെന്നും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും പരാതിപ്പെടുകയുണ്ടായി.ഈ സ്ഥിതി വിശേഷത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഓഡിറ്റ് വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്ക് അഡ്വാൻസ് നല്കുകയും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നല്കാത്തതിന്റെയും വിവരം

| ക്രമ നമ്പർ | നിർവഹണം | പ്രവർത്തിയുടെ പേര് | ബിൽ /വൗച്ചർ നമ്പർ /ചെക്ക് നമ്പർ | തുക | ബാക്കി |
|---|---|---|---|---|---|
| 1 | SEUF | 357/16 | 407983/ 19.4.16 | 1283300 | -- |
| 2 | SEUF | 356/16 | 407982/ 19.4.16 | 600000 | -- |
| 3 | SEUF | 377/16 | 407984/ | 300000 | -- |

| | | | | | |
|---|---|---|---|---|---|
| | | | 19.4.16 | | |
| 4 | SEUF | 403/16 | 407987/ 19.4.16 | 800000 | -- |
| 5 | SEUF | 387/16 | 407985/ 19.4.16 | 300000 | -- |
| 6 | SEUF | 418/16 | 407988/ 19.4.16 | 400000 | -- |
| 7 | SEUF | 332/16 | 407986/ 19.4.16 | 300000 | -- |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് | KURDFC/A2 /1476/08 | 5690000 | 1593000 | 369000 | 174080 | 1224000 |
| പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് | TDC | 10000000 | 6206629 | 1036295 | 720229 | 5170334 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2038000 |
| തൻവർഷം നിക്ഷേപിച്ച തുക | Nil |
| ആകെ | 2038000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2038000 (ക്രിമേറ്റോറിയം ഫണ്ട്, വിജയാബാങ്ക്,ഇരിഞ്ഞാലക്കുട, SBA/c no-209503291000092) |

അക്കൗണ്ട്സ് പ്രകാരം 2223539/- രൂപയാണ്. പലിശയുൾപ്പെടെയുള്ള തുകയാണ് അക്കൗണ്ട്സിൽ കാണിച്ചിട്ടുള്ളത്

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 180664290 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 250786850 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം , ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4065 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5474088 |

(ബി)നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-13 | | 4065 | ശ്രീ. ബി.സത്യനാഥ്, മുൻസിപ്പൽ എഞ്ചിനിയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3840 | ശ്രീമതി . ബീന . എസ്. കുമാർ, സെക്രട്ടറി |
| 3-3 | 186578 | ശ്രീമതി . ബീന . എസ്. കുമാർ, സെക്രട്ടറി |
| 3-4 | 10500 | ശ്രീമതി. എൻ. സി. വാസന്തി എച്ച്. എം.,ഗവ.മോഡൽ ബോയ്സ് ഹൈസ്കൂൾ |
| 3-5 | 5000000 | ശ്രീമതി . ബീന . എസ്. കുമാർ, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 3-6 (എ) | 138900 | ശ്രീമതി . പി.വി. രേണക എച്ച്. എം . ചാത്തൻമാസ്റ്റർ മെമ്മോറിയൽ ഗവ.യു പി.എസ്. |
| 3-6(ബി) | 59270 | ശ്രീമതി മോളി. കെ.വി. എച്ച്. എം . ഗവ. ഗേൾസ് എച്ച്. എസ്. , ഇരിഞ്ഞാലക്കട |
| 3-6(സി) | 75000 | ശ്രീമതി. പ്യാരിജ.എം എച്ച്. എം . ഗവ. ഗേൾസ് എച്ച്. എസ്. , ഇരിഞ്ഞാലക്കട |

(ഡി)കേന്ദ്ര സംസ്ഥാന സർക്കാറുകൾ , സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം .
3-(13) - വാറ്റ്- 18262 രൂപ
ഐ. ടി.- 4675 രൂപ
കെ. സി. ഡബ്ല്യു. ഡബ്ല്യു.എഫ്.- 6457 രൂപ

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
2-3
( എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസം

| പേര് , ഉദ്യോഗപ്പേര് | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബി. സത്യനാഥ്. | മുൻസിപ്പൽ എഞ്ചിനീയർ, ഇരിഞ്ഞാലക്കട നഗരസഭ | ജെ . ആർ. വില്ല, വിയ്യൂർ, തൃശ്ശൂർ |

## **4-8** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1971-72 | എൽ.എഫ്.ടി.2-4178/76- 01.06.76 | | |
| 72-73 | എൽ.എഫ്.ടി.2-2545/75-04.06.76 | | |
| 73-74 | എൽ.എഫ്.ടി.2-5231/75- 25.02.77 | | |
| 74-75 | എൽ.എഫ്.ടി.2-586/76- 13.03.76 | | |
| 75-76 | എൽ.എഫ്.ടി.2-108/77- 16.08.77 | | |
| 76-77 | എൽ.എഫ്.ടി.2-1116/78- 16.04.79 | | |
| 77-78 | എൽ.എഫ്.ടി.4-670/80- 22.05.80 | | |
| 78-79 | എൽ.എഫ്.ടി.4-2226/80-19.12.81 | | |
| 79-80 | എൽ.എഫ്.ടി.4-116/82- 31.04.83 | | |
| 80-81 | എൽ.എഫ്.ടി.4-2638/83-24.04.85 | | |

| | | | |
|---|---|---|---|
| 81-82 | എൽ.എഫ്.ടി.4-2663/86- 11.05.87 | | |
| 82-83 | എൽ.എഫ്.ടി.4-1943/87- 11.10.88 | | |
| 83-84,84-85 | എൽ.എഫ്.ടി.4-424/91- 13.09.91 | | |
| 85-86 | എൽ.എഫ്.ടി.4- - 19.09.92 | | |
| 86-87 | എൽ.എഫ്.ടി.4-465/93- 31.03.94 | | |
| 87-88,88-89 | എൽ.എഫ്.ടി.4-2013/95- 5.10.96 | | |
| 89-90,90-91 | എൽ.എഫ്.ടി.4-1258/96- 11.04.97 | | |
| 91-92മുതൽ 95-96 വരെ | എൽ.എഫ്.ടി.4-35/09- 11.05.10 | | |
| 96-97(ചെലവ്) | എൽ.എഫ്.ടി.4-1042/97-31.03.08 | | |
| 96-97(വരവ്) | എൽ.എഫ്.ടി.4-437/09- 12.10.10 | | |
| 97-98(ചെലവ്) | എൽ.എഫ്.ടി.4-1669/99-09.06.2000 | | |
| 97-98(വരവ്) | എൽ.എഫ്.ടി.4-138/09/ 12.10.10 | | |
| 98-99(ചെലവ്) | എൽ.എഫ്.ടി.4-1136/01-12.12.01 | | |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.4-568/02-06.03.03 | | |
| 99-2000 (വരവ്) | എൽ.എഫ്.ടി.4-440/09-23.10.2010 | | |
| 2000-01ചെലവ് | എൽ.എഫ്.ടി.4-1560/04-26.02.05 | | |
| 2001-02 | എൽ.എഫ്.ടി.4-1220/05-05.01.06 /17.07.06 | | |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-441/09/ 23.10.10 | | |
| 2001-02(വരവ്) | എൽ.എഫ്.ടി.4-433/09/ 23.10.10 | | |
| 2002-03(ചെലവ്) | എൽ.എഫ്.ടി.4-809/07-30.04.07 | | |
| 2002-03 (വരവ്) | എൽ.എഫ്.ടി.4-434/09/21.05.2010 | | |
| 2003-04 | എൽ.എഫ്.ടി.4-1093/09-04.02.2011 | | |
| 2004-05 | എൽ.എഫ്.ടി.4-1094/09-07.02.2011 /16.08.2011 | | |
| 2005-06 | എൽ.എഫ്.ടി.4-1612/10/24.05.2011 /21.10.11 | | |
| 2006-07 | എൽ.എഫ്.ടി.4-1013/2010 /27.09.2011/21.10.11 | | |
| 2007-08 | എൽ.എഫ്.ടി.(എം)692/2011 /03.11.2011 | | |
| 2008-09 | എൽ.എഫ്.ടി.(എം)2078/11 /03.11.2011/06.07.2012 | | |
| 2009-10 | എൽ.എഫ്.ടി.(എം)2597/11 20.06.12/05.07.12 | | |
| 2010-11(വരവ്) | എൽ.എഫ്.ടി.(എം)2598/11 20.06.2012/05.07.12 | | |
| 2011-12 | എൽ.എഫ്.ടി.(എം)56/13 09.04.13/16.08.13 | | |
| 2012-13 | എൽ.എഫ്.ടി.(എം)242/14 dt.8.5.14/9.6.14 | | |
| 2013-14 | കെ എസ് എ ടി എസ് ആർ-932/15 dt.16.10.15 | | |
| 2014-15 | കെ എസ് എ ടി എസ് ആർ-(എം)1403/16 dt. 06.08.16 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം , തൃശ്ശൂർ

# അനുബന്ധം 1

നം.കെ.എസ്.എ.ടി.എസ്.ആർ(എം)91/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ-20
ഫോൺ നമ്പർ – 0487 2331249
ഇ മെയിൽ -dotsr.ksad@kerala.gov.in
തിയ്യതി. 30.1.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിങ്ങാലക്കുട നഗരസഭയുടെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

No.KSA-TSR(M) 91/2017

Kerala state audit department
District audit office.Thrissur-20
Phone No. 0487 2331249
E-mail -dotsr.ksad@kerala.gov.in
Date- 30.1.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Irinjalakuda Municipality in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of Irinjalakuda Municipality for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Joint Director

District Audit Office,

Thrissur.